(സി) ഏതെല്ലാം പ്രദേശങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) വികസനപ്രക്രിയകൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

വിനോദ സഞ്ചാരവും ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): (എ, ബി) ശബരിമല വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതിയുണ്ട്. ബഹുമാനപ്പെട്ട പാർലമെന്റ് അക്കൗണ്ട്സ് കമ്മിറ്റി ശബരിമലയും മറ്റും സന്ദർശിച്ച് പഠിച്ച് നൽകിയ 63-ാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ശബരിമല ഉൽസവസമയത്തെ തിരക്കു നിയന്ത്രിക്കുന്നതിനും ഭക്തജനങ്ങളുടെ സൗകര്യാർത്ഥം മൊത്തത്തിലുള്ള വികസനം മുൻനിർത്തിയും 50 വർഷത്തിൽ കുറയാത്ത കാലയളവിലേക്കുവേണ്ടിയുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'എക്കോ സ്മാർട്ട് ഇന്ത്യാ ലിമിറ്റഡ്' എന്ന സ്ഥാപനത്തെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) ശബരിമല, പമ്പ, നിലയ്ക്കൽ, ഉപ്പുപാറ, വണ്ടിപ്പെരിയാർ, സത്രം, എരുമേലി മുതലായ പ്രദേശങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്.

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സമർപ്പിച്ച് ആവശ്യമായ വനഭൂമി ലഭ്യമാകുന്നതിനനുസരിച്ച് വികസന പ്രവർത്തികൾ നടപ്പിലാക്കുന്നതാണ്.

മാവേലി സ്റ്റോറുകളിലൂടെ ലഭ്യമാകുന്ന സാധനങ്ങൾ വില്പന നടത്തുന്നതിന് തെരഞ്ഞെടുത്ത റേഷൻകടകൾ

11 [*319] പ്രൊഫ കെ. വി. തോമസ്:

ശ്രീ. ലൂഡി ലൂയിസ് :

,, എം. എ. ചന്ദ്രശേഖരൻ :

,, എം. മുരളി :

,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്ന സാധനങ്ങൾ റേഷൻകടവഴി വിൽക്കുന്നതിന് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്ത് എന്ന് വ്യക്തമാക്കാമോ ; എത്ര കടകളെ ഇപ്രകാരം തെരഞ്ഞെടുത്തു ;

(ബി) പായ്ക്കു ചെയ്തതല്ലാത്ത സാധനങ്ങൾ പ്രസ്തുത കടകൾക്ക് വില്പനയ്ക്കായി നൽകുന്നുണ്ടോ ;

(സി) റേഷൻ കടകളിൽ കൂടി വിൽക്കുന്ന സാധനങ്ങളുടെ വില പത്ര പരസ്യത്തിലൂടെ പൊതുജനങ്ങളെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി † ചേർത്തിട്ടുണ്ട്. ആദ്യഘട്ടമായി 1494 കടകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ നൽകുന്നില്ല.

(സി) നിലവിലുള്ള സംവിധാനം തുടരുന്നതാണ്.

സ്വകാര്യ വൈദ്യുതി കരാറുകൾ പുനഃപരിശോധിക്കാൻ നടപടി

12 [*320] ശ്രീ. എ. കെ. ബാലൻ :

,, എം. വി ഗോവിന്ദൻ മാസ്റ്റർ :

,, പി. സി. ജോർജ്ജ് :

ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദന നിലയങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം 2004 ഏപ്രിൽ 1 മുതൽ നിലവിൽ വന്നിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം ലാഭവിഹിതം, തേയ്മാന ചെലവ്, പലിശ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ നിലയങ്ങളിൽനിന്നും വൈദ്യുതി ബോർഡ് വാങ്ങുന്ന വൈദ്യുതിയുടെ വില ഈ മാനദണ്ഡങ്ങൾ പ്രകാരം കണക്കാക്കുമ്പോൾ ബോർഡിന് എന്തു സാമ്പത്തിക നേട്ടം ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സ്വകാര്യ വൈദ്യുതി നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ വില പുനർ നിർണ്ണയിക്കാൻ കഴിയുംവിധം കരാറുകൾ പുനഃപരിശോധിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി) ലാഭവിഹിതത്തിലും പലിശ ഇനത്തിലും കുറവു വന്നിട്ടുണ്ടെങ്കിലും തേയ്മാന ചെലവിൽ വ്യത്യാസമുണ്ടായിട്ടില്ല.

(സി) കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ വൈദ്യുതി വാങ്ങൽ കരാറിൽ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞാലെ സാമ്പത്തിക നേട്ടം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

---

† അനുബന്ധം-I

LIBRARY ARCHIVES Kerala Legislative Assembly